بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 22.08.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*22.08.14 ന് മസ്ജിദ് ബെയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നമുക്ക് അതിഥികളെ സേവിക്കണം. യഥാർഥമായ നിലയിൽ നമുക്ക് യഥാർഥ സന്തോഷം ലഭിക്കുന്ന സേവനമാണ് നാം ചെയ്യേണ്ടത്. അതുകൊണ്ട് നമ്മുടെ ബന്ധുവായ അതിഥിയെ കാണുമ്പോഴുണ്ടാകുന്ന, നമ്മുടെ അടുത്ത ആൾക്കാരെ കാണുമ്പോഴുണ്ടാകുന്ന തരത്തിലുള്ള സന്തോഷം, ഇവിടെ വരുന്ന ഓരോ അതിഥിയിൽനിന്നും നമുക്ക് എത്തേണ്ടതാണ്. അത്തരം സന്തോഷമുണ്ടാകുമ്പോഴാണ് സേവനത്തിന്റെ കടമ നിറവേറ്റപ്പെടുന്നത്.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ اِنْ شَاءَ اللّٰهُ യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റ ജൽസ സാലാന അടുത്ത ജുമുഅ മുതൽ ആരംഭിക്കുകയാണ്. ജൽസാ ഗാഹിലുള്ള തയ്യാറെടുപ്പുകൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. അതിഥികൾ വരാനും തുടങ്ങിയിട്ടുണ്ട്. ജൽസയുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനായി യാത്ര ചെയ്തുകൊണ്ടിരിക്കുന്ന-യാത്രയിലുള്ള -അല്ലെങ്കിൽ വന്നു കഴിഞ്ഞിട്ടുള്ള- വരാൻ പോകുന്ന അതിഥികളെല്ലാവരേയും അല്ലാഹു കാക്കുമാറാകട്ടെ. അല്ലാഹു എല്ലാവരേയും അവന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. അഹ്മദികളെ മാത്രമല്ല, പ്രത്യുത ലോകത്തിലെ എല്ലാ ആളുകളേയും. അല്ലാഹു ഏതൊരു സംരക്ഷണത്തിനും സമാധാനത്തിനുംവേണ്ടിയാണോ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചത് അവർ അത് പ്രാപിക്കുന്നവരായിത്തീരട്ടെ.

നമുക്കറിയാവുന്നതുപോലെ സന്നദ്ധസേവനത്തിന്റ അടിസ്ഥാനത്തിലാണ് നമ്മുടെ ജൽസയുടെ ഒരുക്കങ്ങൾ പൂർത്തിയാകുന്നത്. ഇതുസംബന്ധമായി ജൽസയ്ക്ക് മുമ്പേയുള്ള ഒരു ജുമുഅയിൽ പ്രവർത്തകരോട് അവരുടെ ചുമതലകളെ കുറിച്ച് പറയാറുമുണ്ട്. ഈ സമയത്ത് ഇതിനെക്കുറിച്ച് കുറച്ചുകാര്യങ്ങൾ പ്രവർത്തകരോട് പറയുന്നതാണ്.

എന്തായാലും ഈ സമയത്ത് ഞാൻ ജൽസയിൽ പങ്കെടുക്കുന്ന അതിഥികളെ സംബന്ധിച്ചാണ് പറയാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളുടെ അച്ചുതണ്ട് ജൽസസാലാന തന്നെയായിരിക്കും. ജൽസയിൽ വരുന്ന അതിഥികൾ ജൽസയിൽ പങ്കെടുക്കാൻവേണ്ടി മാത്രമാണ് വരുന്നത്. മതപരമായ ഉദ്ദേശ്യത്തോടുകൂടിയാണ് വരുന്നത്. ജൽസയിൽ പങ്കെടുക്കാൻ വരുന്നവരുടെ ഉദ്ദേശ്യം ഇതു തന്നെയായിരിക്കേണ്ടതാണ്. ഈ ഉദ്ദേശ്യമായിരിക്കുമ്പോൾ അതിഥികളുടെ പ്രാധാന്യം പലമടങ്ങ് വർധിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കാൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഈ ജൽസ വെറും മതപരമായ ഉദ്ദേശ്യങ്ങൾ വഹിക്കുന്നതാണെന്നും ആ മഹാത്മാവ് പറഞ്ഞു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള മാർഗമാണെന്നും പറഞ്ഞു. ഇതിൽനിന്ന് അതിന്റെ പ്രാധാന്യം എത്രത്തോളം വർധിക്കുന്നുവെന്നത് വ്യക്തമാണ്. വരുന്നവർ വ്യക്തിപരമായ നേട്ടത്തിനല്ല വരുന്നത്. ഏതെങ്കിലും ലൗകികപരമായ ആഘോഷത്തിൽ പങ്കെടുക്കാനുമല്ല. ഈ ഉദ്ദേശ്യത്തോടെ ആരെങ്കിലും വരുന്നുണ്ടെങ്കിൽ അവർ തങ്ങളുടെ പ്രതിഫലം നഷ്ടപ്പെടുത്തിക്കളയുകയാണ് ചെയ്യുന്നത്. അതിനാൽ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചുകൊണ്ട്, ഇവിടെ വരുന്ന അതിഥികളെ സേവിക്കുന്നതിനായി ആത്മാർഥരായിട്ടുള്ളവർ സ്വയം തങ്ങളെ സമർപിക്കുന്നു. ഇത് സാധാരണ അതിഥികളല്ല. പ്രത്യുത കാലത്തിന്റെ ഇമാമിനാൽ സ്ഥാപിതമായ ജമാഅത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് അല്ലാഹുവിനുവേണ്ടി സംഘടിക്കുന്ന അതിഥികളാണ്.

ചില ഘട്ടങ്ങളിൽ ഒരുപാട് പണം ചെലവഴിച്ച്, തങ്ങളുടെ കഴിവിനെക്കാൾ കൂടുതൽ ചെലവുചെയ്താണ് ഇവിടെ വരുന്നത്. തങ്ങളുടെ യാത്ര എല്ലാ തരത്തിലും അനുഗ്രഹങ്ങൾക്ക് കാരണമാകുന്നതിനുവേണ്ടി അവർ വളരെ ദൂരദൂര സ്ഥലങ്ങളിൽ നിന്ന് ഇവിടെ വരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹമാണ് അവർക്ക്. ഈ യാത്ര കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരം തങ്ങൾക്കൊരുക്കും എന്ന അറിവ് അവർക്കത് നല്കുന്നുണ്ടാകും. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന് ആളുകൾ വരുന്നു. നവ അഹ്മദികളും പഴയ അഹ്മദികളും വരുന്നുണ്ട്. ഈ വരുന്നവരുടെ കണ്ണുകളിൽ ഖിലാഫത്തിനോടുള്ള സ്നേഹം ഞാൻ കാണുമ്പോൾ അല്ലാഹുവിനോടുള്ള നന്ദിയുടെ വികാരങ്ങൾ വർധിക്കുന്നു. അവൻ എങ്ങനെയാണ് സത്യവിശ്വാസികളുടെ മനസ്സുകളിൽ ഖിലാഫത്തിനോടുള്ള സ്നേഹം ഉണ്ടാക്കിയിരിക്കുന്നത്. ഇത് ഒരു മനുഷ്യന്റേയും ശ്രമംകൊണ്ട് നടക്കുകയില്ല. അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദിനെ(അ) അയച്ചുകൊണ്ട് ഈ ഖിലാഫത്ത് വ്യവസ്ഥിതിയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നു; ഇസ്‌ലാമിന്റെ ശരിയായിട്ടുള്ളതും യഥാർഥവുമായ അധ്യാപനങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാക്കുന്നതിനും ഇസ്‌ലാമിന്റെ സ്നേഹസന്ദേശം ലോകരോടു പറയുന്നതിനും ലോകത്തിനു സമാധാനം ഇസ്‌ലാമിൽ മാത്രമാണെന്ന് പ്രഖ്യാപിക്കുന്നതിനും വേണ്ടിയാണിത്. ഇക്കാര്യങ്ങൾ കാണുന്നതിനും കേൾക്കുന്നതിനും പഠിക്കുന്നതിനുംവേണ്ടിയാണ് ജനങ്ങൾ ഇവിടെ വരുന്നത്. ഖിലാഫത്തിനോടുള്ള സ്നേഹം കാരണത്താലാണിത്. ജൽസയുടെ ആത്മീയാന്തരീക്ഷത്തിൽനിന്ന് ഫലമെ

ടുക്കുന്നതിനും വൈജ്ഞാനികവും ശിക്ഷണപരവും മത പരവുമായ പരിപാടികളിൽ പങ്കെടുക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശിക ളാകുന്നതിനും കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തുന്നതിനുംവേണ്ടി യു.കെ.ജൽസയിൽ പ്രത്യേകമായും ധാരാളമാളുകൾ വരാറുണ്ട്. ചുരുക്കംപറഞ്ഞാൽ ഇവിടെ വരു ന്നവരുടെ വികാരം എങ്ങനെയുള്ളതാണെന്നുവച്ചാൽ മറ്റൊ രു ലൗകികബന്ധങ്ങളിലും അതുണ്ടാകുകയില്ല. ഇക്കാര്യ ത്തിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്തിന്റെ നിബന്ധനയിൽ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്.

അതുകൊണ്ട് ഇവിടെവരുന്ന അതിഥികളുടെ സ്ഥാനം ഒരു പ്രത്യേക പദവിയും പ്രാധാന്യവുമുള്ളതാണ്. ഇക്കാരണ ത്താൽ ആ അതിഥികളെ സേവിക്കുന്നവരുടെ പ്രാധാന്യവും വർധിക്കുന്നു. ഈ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുതന്നെ ജമാഅത്തംഗങ്ങൾ സന്നദ്ധസേവനമെന്ന നിലയിൽ സേവ നത്തിനായി തങ്ങളെ സമർപ്പിക്കുന്നു. ലൗകികാടിസ്ഥാന ത്തിൽ നല്ല വരുമാനമുള്ള ഓഫീസർ പോലും ചെമ്പുകളി ൽ ഭക്ഷണം പാകം ചെയ്യുക, റൊട്ടി ഉണ്ടാക്കുക, തുടങ്ങി വിവിധജോലികൾ ചെയ്യുന്നു. എത്രത്തോളമെന്നാൽ ടോയ് ലറ്റ് വൃത്തിയാക്കാനാണ് അയാളെ നിറുത്തിയതെങ്കിൽ അയാൾ സന്തോഷത്തോടെ അത് ചെയ്യുന്നു. കാരണം ആ അതിഥികളെ സേവിക്കുന്നതുകൊണ്ട് അയാൾ അനന്തമായ ദുആയുടെ അനന്തരാവകാശിയായിത്തീരുകയാണ് ചെയ്യു ന്നത്. ഇതേ പ്രവർത്തകൻ ജമാഅത്തിൽ പെട്ടിട്ടില്ലാത്ത അതിഥികൾക്ക് തബ്‌ലീഗിനുള്ള നിമിത്തമായും തീരാറുണ്ട്. ജൽസാഗാഹിൽ വെള്ളം വിതരണം ചെയ്യുന്ന ഒരു കുട്ടി പോലും നിശബ്ദമായി തബ്‌ലീഗാണ് ചെയ്യുന്നത്. തങ്ങൾ ലോകത്ത് കലാപങ്ങൾ ഉണ്ടാക്കാൻ വന്നവരല്ലെന്നും മറിച്ച് ലോകത്തിന് ഭൗതിക ജലവും ആത്മീയജലവും കുടിപ്പിക്കാൻ വന്നവരാണെന്നും വിളിച്ചു പറയുകയാണ് അവർ അതിലൂടെ ചെയ്യുന്നത്. അതുകൊണ്ട് അതിഥികളുടെ പ്രാധാന്യം ആതി ഥേയരുടെ പ്രാധാന്യത്തേയും വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യം ലോകത്ത് ഒരിടത്തും കാണാൻ കഴിയുകയില്ല. അത്തരം അതിഥികളെ സേവിക്കുന്നതിനായി തങ്ങളെ സമർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കി ക്കൊണ്ടിരിക്കുന്ന ആ പ്രവർത്തകരും വാളണ്ടിയർമാരും ഭാഗ്യവാന്മാരാണ്. വിശുദ്ധ ഖുർആനിലും അല്ലാഹു ആതി ഥ്യത്തിന് വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഹദ്റത്ത് ഇബ്റാ ഹീം(അ)ന്റെ പദവിയേയും ഗുണ വിശേഷങ്ങളേയും കുറിച്ചു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അതിഥി സൽക്കാരത്തിന്റെ ഗുണവിശേഷം പ്രത്യേകം എടുത്തു പറഞ്ഞു. അതിനാൽ നിസ്വാർഥമായി ആതിഥ്യമരുളുന്ന ആതിഥേയർക്ക് അല്ലാ ഹുവിന്റെ പക്കൽ പ്രത്യേക പദവികളുണ്ട്. കാരണം അതി ഥികളെ സേവിക്കുന്നതുകൊണ്ട് അല്ലാഹു തൃപ്തിപ്പെട്ടു വെന്ന് അവർ മനസ്സിലാക്കുന്നവരാണ്. അല്ലാഹുവിന്റെ തൃ പ്തിയാണ് അവരുടെ ലക്ഷ്യം. ഏതെങ്കിലും ആഗ്രഹമോ ഉദ്ദേശ്യമോ ആരുടെയെങ്കിലും നന്ദി കരസ്ഥമാക്കലോ അവ രുടെ ലക്ഷ്യമായിരിക്കുകയില്ല.

അല്ലാഹുവിനുവേണ്ടി യാത്രചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം അതിഥികളുടെ ഉദാഹരണങ്ങൾ ലോകത്തൊരി ടത്തും കാണുകയില്ല. ഈ മനോഹരമായ ചിത്രം നമുക്ക് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുകയുള ളു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നിർദേശമ നുസരിച്ച് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതുകൊണ്ടാ ണിത്. ഖിലാഫത്തിന്റെ ചരടിൽ കോർക്കപ്പെട്ടതുകൊണ്ടാ ണിത്. നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാൻ ശ്രമി ക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളതുകൊണ്ടാണിത്. ഓരോ വർഷത്തിലും നമക്കുള്ള അനുഭവമാണിത്. ചെറിയവരും വലി യവരും പുരുഷന്മാരും സ്ത്രീകളും കുട്ടികളും യുവാക്കളും വൃദ്ധരും ഒരു പ്രത്യേകവികാരത്തോടെ സേവനം ചെയ്യുന്നു. ഈ സേവനം ഈ വർഷവും اِنْ شَآءَاللّٰہ അതേവികാരത്തോ ടെ നടക്കും-നടന്നുകൊണ്ടിരിക്കുന്നു- എന്നതിൽ സംശയ മൊന്നുമില്ല. വഖാറെ അമലിന്റെ റിപ്പോർട്ടുകൾ എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ താല്ക്കാലികമായി വഖ്ഫുചെയ്ത ചെറുപ്പക്കാരും ഈ വർ ഷം വഖാറെ അമലിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ഇതി നെക്കുറിച്ച് മുമ്പേ പരിചയമില്ലാത്തവരാണ് ഇവർ. അവരെ ശരിയായ നിലയിൽ നയിക്കേണ്ടത് നമ്മുടെ ബാധ്യതയാ ണ്. അതിനാൽ ശരിയായ മാർഗദർശനം കിട്ടിക്കൊണ്ടിരി ക്കണമെങ്കിൽ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാനും കല്പനയുണ്ട്. തീർച്ചയായും ശരിയായ മാർഗദർശനവും ഉപദേശവുംകൊണ്ട് സ്വഭാവങ്ങളിലും നല്ല മാറ്റമുണ്ടാകുന്ന താണ്. വ്യവസ്ഥിതിയെ സംബന്ധിച്ച് പൂർണമായ നില യിൽ പരിജ്ഞാനമില്ലാത്ത ഒരുപാടാളുകൾ പങ്കെടുക്കുന്നു ണ്ട്. അവർക്കും സേവനത്തിന്റെ പ്രാധാന്യം പറഞ്ഞുകൊടു ക്കേണ്ടത് അനിവാര്യമാണ്. പുതിയതായി പങ്കെടുക്കുന്നവ രിൽ അധികവും മറ്റുള്ളവരുടെ മാതൃക കണ്ടിട്ട് തങ്ങളെ സേവനത്തിനായി സമർപ്പിക്കുകയാണ് ചെയ്യുന്നതെങ്കിലും അവരെ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഇപ്രകാരംതന്നെ കുട്ടി കളും പങ്കെടുക്കുന്നു. ഡ്യൂട്ടിയിലേക്കും സേവനത്തിലേക്കും അവരുടെ ശ്രദ്ധയും ക്ഷണിക്കേണ്ട ആവശ്യമുണ്ട്. അതാ യത് അതിഥികളെ സേവിക്കേണ്ടത് എങ്ങനെയാണ് തുട ങ്ങിയ കാര്യങ്ങൾ പറഞ്ഞുകൊടുക്കണം. സേവനത്തിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കാൻ ഉപദേശത്തിന്റെ ആവശ്യ മുണ്ട്. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ കല്പനയാണ് وَّذَكِّرْ فَاِنَّ الذِّكْرٰى تَنْفَعُ الْمُؤْمِنِيْنَ (51:56) 'നീ ഉപദേശിച്ചുകൊ ണ്ടേയിരിക്കുക. എന്തെന്നാൽ തീർച്ചയായും ഉപദേശം വിശ്വാ സികൾക്ക് ഫലം ചെയ്യുന്നതാണ്.' അല്ലാഹുവിന്റെ ഒരു ഉപ ദേശവും യുക്തിശൂന്യമായിരിക്കുകയില്ല.

അതുകൊണ്ട് ഓരോ ഡ്യൂട്ടികൊടുക്കുന്നവർക്കും ഡ്യൂട്ടി നല്കുന്ന സ്തീകൾക്കും 'നമ്മുടെ യാത്രക്കാരാണ്, നമ്മുടെ അതിഥികളാണ്, അവരെ നമ്മൾ സേവിക്കണം, അവരോട് നല്ല നിലയിൽ പെരുമാറണം' എന്ന ബോധമുണ്ടാകേണ്ട താണ്.

ചില സന്ദർഭങ്ങളിൽ ചില അതിഥികളിൽനിന്ന് തെറ്റായ പെരുമാറ്റവും ഉണ്ടാകാറുണ്ട്. എങ്കിലും സഹിഷ്ണുതയോടെ പ്രവർത്തിക്കേണ്ടതാണ്. ഓരോ വകുപ്പിലേയും പ്രവർത്ത കനും ഓരോ ഡ്യൂട്ടിനല്കുന്ന ആളും ക്ഷമകാണിച്ചുകൊണ്ട് തന്റെ കടമ നിറവേറ്റേണ്ടതാണ്. നബി(സ)തിരുമേനിയുടെ ഉദാഹരണം നല്കിക്കൊണ്ട് വിശുദ്ധ ഖുർആൻ അതിഥിയെ

എങ്ങനെ പാലിക്കണമെന്ന് നമുക്ക് പറഞ്ഞുതന്നു. അതിഥിയുടെ "സലാമിന്" അതിനെക്കാൾ മികച്ച നിലയിൽ മറുപടി നല്കേണ്ടതാണ്. സൽവികാരങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്. അയാൾക്ക് സമാധാനവും സംരക്ഷണവും നല്കേണ്ടതാണ്. സന്തോഷം പ്രകടിപ്പിക്കേണ്ടതാണ്. സന്തോഷമുണ്ടാകുമ്പോഴാണ് യഥാർഥമായ സമാധാനമുണ്ടാകുന്നത്. നമുക്ക് അതിഥികളെ സേവിക്കണം. യഥാർഥമായ നിലയിൽ നമുക്ക് യഥാർഥ സന്തോഷം ലഭിക്കുന്ന സേവനമാണ് നാം ചെയ്യേണ്ടത്. അതുകൊണ്ട് നമ്മുടെ ബന്ധുവായ അതിഥിയെ കാണുമ്പോഴുണ്ടാകുന്ന, നമ്മുടെ അടുത്ത ആൾക്കാരെ കാണുമ്പോഴുണ്ടാകുന്ന തരത്തിലുള്ള സന്തോഷം, ഇവിടെ വരുന്ന ഓരോ അതിഥിയിൽനിന്നും നമുക്ക് എത്തേണ്ടതാണ്. അത്തരം സന്തോഷമുണ്ടാകുമ്പോഴാണ് സേവനത്തിന്റെ കടമ നിറവേറ്റപ്പെടുന്നത്.

പിന്നീട് അതിഥിസൽക്കാരത്തിന്റെ നിലവാരവും നിലനിറുത്തേണ്ട ആവശ്യമുണ്ട്. അതായത് നമ്മുടെ എല്ലാ കഴിവുകളനുസരിച്ചും പരിതഃസ്ഥിതികളനുസരിച്ചും നമുക്ക് എങ്ങനെയൊക്കെ നല്ലനിലയിൽ ആതിഥ്യം നല്കാൻ കഴിയുമോ നല്കേണ്ടതാണ്. സംഘാടകർ എപ്പോഴും ഇക്കാര്യത്തിൽ ചിന്തിച്ചുകൊണ്ടിരിക്കണം. നല്ല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന അതിഥിസൽക്കാരമാണ് അല്ലാഹു നമ്മളിൽനിന്നാഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ കല്പനകളെ ഏറ്റവുമധികം മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്ത ആളായിരുന്നു നബി(സ)തിരുമേനി. ആ മഹാത്മാവ് എങ്ങനെയാണ് ഇതു സംബന്ധിച്ച് നമുക്ക് മാർഗദർശനം നല്കിയിട്ടുള്ളത്. അവിടന്ന് പറഞ്ഞു: "നിങ്ങളുടെമേൽ അതിഥികൾക്ക് അവകാശമുണ്ട്. അത് നിറവേറ്റുക." അതിന് ഉദാഹരണങ്ങളുമുണ്ട്. ഒരിക്കൽ അതിഥികൾ ധാരാളമായി വന്നു. നബി(സ) തിരുമേനി അതിഥികളെ ഓരോരുത്തർക്കും വീതിച്ചുകൊടുക്കാൻ തുടങ്ങി. നബിതിരുമേനിയും അതിഥികളെ കൂടെക്കൊണ്ടുപോയി. വീട്ടിൽ ചെന്നപ്പോഴാണ് അറിയുന്നത് എല്ലാവർക്കും കഴിക്കാൻ ഭക്ഷണം തികയുകയില്ലെന്ന്. ഹദ്റത്ത് ആയിശയോടു ചോദിച്ചപ്പോൾ പറഞ്ഞു, അങ്ങയ്ക്ക് നോമ്പു തുറക്കാനുള്ള ഭക്ഷണമേയുള്ളു. അതുമാത്രമേയുള്ളു, മറ്റൊന്നുമില്ല. നബി(സ)തിരുമേനി അതിൽനിന്ന് അല്പമെടുത്ത് വായിലിട്ടു. എന്നിട്ട് അതിഥികളോടു തിന്നുകൊള്ളാൻ പറഞ്ഞു. നിവേദനത്തിൽ നിന്ന് ഇങ്ങനേയും മനസ്സിലാകുന്നുണ്ട്. ഹദ്റത്ത് ആയിശ പറഞ്ഞതനുസരിച്ച് നബി(സ)തിരുമേനിക്ക് നോമ്പു തുറക്കാൻ വെച്ചിരുന്ന ആ കുറച്ചു ഭക്ഷണംകൊണ്ട് അതിഥികൾ വയറുനിറയെ ഭക്ഷിച്ചു.

നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്കും ഈ രീതീയിൽ ശിക്ഷണം നല്കിയിരുന്നു. സ്വഹാബാക്കളും അതിരില്ലാത്ത അതിഥി സൽക്കാരത്തിന്റെ വികാരങ്ങൾ ഉൾക്കൊളളുന്നവരായിരുന്നു. അതിഥികളുടെ ഈ അവകാശമാണ് നബി(സ)തിരുമേനി സ്ഥാപിച്ചത്. അത് നിറവേറ്റാൻ സ്വഹാബാക്കളോട് പറയുകയും ചെയ്തു. നബി(സ)തിരുമേനിയുടെ ശിക്ഷണത്തിന്റെ ഫലംതന്നെയായിരുന്നു സ്വഹാബാക്കൾക്ക് ആ മഹാത്മാവിന്റെ മാതൃകയനുസരിച്ച് നടക്കാൻ പ്രചോദനമായിരുന്നത്. അക്കാരണത്താൽ സ്വഹാബാക്കളിലും ഈ അതിഥി സൽക്കാരത്തിന്റെ അത്ഭുതകരമായ ഉദാഹരണങ്ങൾ ലഭിക്കുന്നുണ്ട്. അല്ലാഹുവിനെ സന്തോഷിപ്പിച്ച ഉദാഹരണങ്ങളും ലഭിക്കുന്നുണ്ട്. ആ സന്തോഷത്തിന്റെ പ്രകടനം അല്ലാഹു, അതിഥിസൽക്കാരം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ നബി(സ)തിരുമേനിയെ അറിയിച്ചു; അവർ ഏതു പദവിയിലുള്ള ആതിഥേയരായിരുന്നുവെന്ന്. ഭർത്താവിനേയും ഭാര്യയേയും മക്കളേയും സംബന്ധിച്ച് അല്ലാഹു സന്തോഷം പ്രകടിപ്പിച്ചു. അല്ലാഹുവിൽനിന്ന് അവർക്ക് അനുമോദനങ്ങൾ ലഭിച്ചു. അതിന്റെ വിശദീകരണം ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ)പറയുന്നു: "ഒരു യാത്രക്കാരൻ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. വീട്ടിൽ അതിഥിക്കായി എന്തെങ്കിലുമുണ്ടോ എന്ന് നബി(സ)തിരുമേനി അന്വേഷിച്ചു. വെള്ളമല്ലാതെ മറ്റൊന്നുമില്ലെന്ന മറുപടിയാണ് വീട്ടിൽനിന്ന് കിട്ടിയത്. അപ്പോൾ സ്വഹാബാക്കളോടു പറഞ്ഞു, ഈ അതിഥിക്ക് ഭക്ഷണത്തിനുള്ള ഏർപാട് ആരാണ് ചെയ്യുക? ഒരു അൻസ്വാരി പറഞ്ഞു, 'ഞാൻ ചെയ്തുകൊള്ളാം.' അതിഥിയേയുംകൂട്ടി അദ്ദേഹം വീട്ടിലെത്തി. നബി(സ) തിരുമേനിയുടെ അതിഥിക്ക് സൽക്കാരത്തിനുള്ള ഏർപാടു ചെയ്യാൻ ഭാര്യയോടു പറഞ്ഞു. ഭാര്യ പറഞ്ഞു: 'കുട്ടികൾക്കുള്ള ഭക്ഷണം മാത്രമേ ഇവിടെയുള്ളു. നമുക്കൊന്നുമില്ല.' അൻസ്വാരി പറഞ്ഞു: 'നീ ഭക്ഷണം പാകംചെയ്തുകൊള്ളുക. പിന്നീട് വിളക്കു തെളിക്കണം. കുട്ടികൾ ഭക്ഷണം കഴിക്കുന്ന സമയമാകുമ്പോൾ അവരെ എങ്ങനെയെങ്കിലും സമാധാനിപ്പിച്ച് ഉറക്കുക.' അങ്ങനെ അവർ ഭക്ഷണം പാകം ചെയ്തു. വിളക്കുതെളിച്ചു. കുട്ടികളെ എങ്ങനെയൊക്കെയോ ഉറക്കി. പിന്നീട് വിളക്കു നന്നാക്കാൻ എന്ന ഭാവേന എഴുന്നേറ്റുചെന്ന് വിളക്ക് അണച്ചു. അതിനുശേഷം അതിഥിക്കൊപ്പം ഭക്ഷണം കഴിക്കാൻ ഇരുന്നു. തങ്ങളും ഭക്ഷണം കഴിക്കുന്നതുപോലെ അഭിനയിച്ചു. അങ്ങനെ അവർ പട്ടിണി കിടന്നു. രാവിലെ ആ അൻസ്വാരി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു: രാത്രിയിലെ നിങ്ങളുടെ അഭിനയം കണ്ട് അല്ലാഹുവും മന്ദഹസിച്ചു. അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞു, 'നിങ്ങൾ ഇരുവരുടേയും ഇന്നലെ രാത്രിയിലെ പ്രവർത്തി അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ടു.' ഈ സന്ദർഭത്തിലാണ് ഈ ആയത്തിറങ്ങിയതെന്നും നിവേദനങ്ങളിൽ വന്നിട്ടുണ്ട്.

وَيُؤْثِرُونَ عَلَىٰٓ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ
وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ (59:10)

ഇവർ പരിശുദ്ധരും ആത്മസമർപണം ചെയ്യുന്നവരുമായ നിഷ്ക്കളങ്കരാണ്. തങ്ങൾക്ക് ദാരിദ്ര്യം ഉണ്ടെങ്കിൽപോലും അവർ തങ്ങളെക്കാൾ (മറ്റുള്ളവർക്ക്) മുൻഗണന കല്പിക്കുന്നു. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്ന് സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ.

അതുകൊണ്ട് നമുക്കിന്നും ഇക്കാര്യം മുന്നിൽ വെക്കേണ്ട ആവശ്യമുണ്ട്. ഈ ദിനങ്ങളിൽ വരുന്ന അതിഥികൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ അതിഥികളാണ്. ഉദ്ദേശ്യം ഇന്നും ഒന്നുതന്നെയാണ്. പക്ഷേ, അവസ്ഥകൾ വിഭിന്നങ്ങളാണെന്നു മാത്രം. ഇവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊണ്ട്, പിന്നീടാണ് പ്രവർത്തകരോടു

പറയുന്നത് നിങ്ങൾ സേവനത്തിനായി നിങ്ങളെ സമർപ്പിക്കുക എന്ന്. ജമാഅത്ത് സകല സൗകര്യങ്ങളും നിങ്ങൾക്ക് ഒരുക്കിത്തരുന്നു.

ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദിന്റെ (അ) അതിഥികളെ സേവിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട പ്രവർത്തകരായിട്ടുള്ള നിങ്ങളെല്ലാവരും പുരുഷന്മാരും സ്ത്രീകളും കുട്ടികളും സൗഭാഗ്യവാന്മാരാണ്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽ നബി(സ)തിരുമേനിയുടെ അനുധാവനത്തിൽ ആ മാതൃക കാണാവുന്നതാണ്. അദ്ദേഹം അതിഥികളുടെ ആതിഥ്യത്തിനായി തന്റെ എല്ലാ സുഖങ്ങളും ബലിയർപ്പിച്ചു. ശൈത്യകാലത്ത് രിസായിയും കിടക്കയും അതിഥികൾക്കു നല്കി, അതൊന്നുമില്ലാതെ രാത്രി കഴിച്ചുകൂട്ടി. അതിഥികൾക്ക് ഭക്ഷണത്തിന് ഏർപാടുചെയ്യാൻ ഹദ്റത്ത് അമ്മാജാന്റെ ആഭരണങ്ങളും പണത്തിനായി ഉപയോഗിച്ചു. ഇതേ ത്യാഗങ്ങളുടെ വികാരം അവിടത്തെ സ്വഹാബാക്കളും നമുക്ക് കാണിച്ചുതന്നു. മറ്റുള്ളവരുടെ സുഖത്തിന് സ്വന്തം സുഖത്തെക്കാൾ മുൻതൂക്കം നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയെ സംബന്ധിച്ച് ഇങ്ങനേയും പറഞ്ഞു, 'നമ്മുടെ സ്നേഹിതന്മാർ തങ്ങളുടെ സുഖത്തെക്കാൾ മറ്റുള്ളവരുടെ സുഖത്തിന് മുൻതൂക്കം കൊടുക്കുന്നവരാകണം. എന്നല്ല അവർ ത്യാഗം ചെയ്യേണ്ടതാണ്.' നമ്മുടെ പ്രവർത്തകർക്കുള്ള പാഠമിതാണ്. ചില ഘട്ടങ്ങളിൽ, ചില പരിതഃസ്ഥിതികളിൽ എവിടെയെങ്കിലും ഭക്ഷണത്തിന് കുറവുകണ്ടാൽ പരിഭ്രമിക്കരുത്. പ്രത്യുത അതിഥികൾക്കുവേണ്ടി ത്യാഗം ചെയ്യേണ്ടതാണ്.

ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മാതൃക പറയാനാഗ്രഹിക്കുകയാണ്. പക്ഷേ, അതിനുമുമ്പേ, (ശരി തന്നെയാണ്) നമ്മുടെ പ്രവർത്തകരായ ഭാരവാഹികൾക്കും ഒരു മാതൃകയുണ്ട്. പ്രവർത്തകർക്കും ഒരു പാഠമുണ്ട്. ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) എഴുതുന്നു: ജങ്കെ മുഖദ്ദസിന്റെ പരിപാടിയിൽ ഒരുപാട് അതിഥികൾ ഒരുമിച്ചു കൂടിയിരുന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വീട്ടിൽ ഭക്ഷണം എടുത്തുവെക്കുന്നത്, അല്ലെങ്കിൽ കൊടുക്കുന്നത് വിട്ടുപോയി. അത് ഞാൻ എന്റെ വീട്ടുകാരോട് പറഞ്ഞിരുന്നതാണ്. പക്ഷേ, അവർ ജോലിത്തിരക്കിന്നിടയിൽ മറന്നുപോയതാണ്. അങ്ങനെ രാത്രി ഒരുപാട് നേരം കാത്തിരുന്നശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭക്ഷണത്തെ കുറിച്ച് ചോദിച്ചു. അപ്പോൾ എല്ലാവർക്കും ചിന്തയായി. കടകളെല്ലാം അടച്ചിരുന്നു. ഭക്ഷണം കിട്ടിയില്ല. വിവരം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. അവിടന്ന് പറഞ്ഞു: 'ഇത്രമാത്രം വെപ്രാളപ്പെടാനും പ്രയാസപ്പെടാനും എന്തിരിക്കുന്നു. ഡൈനിംഗ്ടേബിളിൽ പോയി നോക്കുക. അവിടെ എന്തെങ്കിലും ബാക്കി ഉണ്ടാകും. അതുമതി.' അവിടെ റൊട്ടിയുടെ കുറച്ചു കഷണങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)അതുമതിയെന്ന് പറഞ്ഞ് അതിൽനിന്ന് രണ്ടു കഷണം എടുത്തു തിന്നു. അത്രമാത്രം.' ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) എഴുതുന്നു: 'ബാഹ്യമായി നോക്കുമ്പോൾ ഈ സംഭവം അതിനിസാരമായി തോന്നാം. എന്നാൽ, ഇതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലാളിത്യത്തിന്റേയും അനൗപചാരികത്വത്തിന്റേയും അത്ഭുതകരമായ ധാർമികതയുടെ ദൃഷ്ടാന്താണ് വ്യക്തമാകുന്നത്. അന്നേരത്ത് പെട്ടെന്ന് ഭക്ഷണം ഉണ്ടാക്കാവുന്നതേയുള്ളു. അതെല്ലാവർക്കും സന്തോഷവുമായിരിക്കും. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)അത് ഇഷ്ടപ്പെട്ടില്ല. പറഞ്ഞു: 'എന്തിനാണ് അസമയത്ത് ബുദ്ധിമുട്ടുണ്ടാക്കുന്നത്.' ഭക്ഷണം തനിക്കു കൊണ്ടുവരാത്തതിനെ സംബന്ധിച്ച് ആമഹാത്മാവ് കാര്യമായി എടുത്തില്ല. അശ്രദ്ധയും അലംഭാവവും കൊണ്ടുണ്ടായ ഇക്കാര്യത്തെപറ്റി ആരോടും ചോദിച്ചതുമില്ല. വെറുപ്പ് പ്രകടിപ്പിച്ചതുമില്ല. പ്രത്യുത അങ്ങേയറ്റം സന്തോഷത്തോടും വിശാല ഹൃദയത്തോടുംകൂടി മറ്റുള്ളവരുടെ പരിഭ്രമത്തെ അകറ്റി.

അതുകൊണ്ട് എപ്പോഴെങ്കിലും അങ്ങനെയൊരു അവസ്ഥയുണ്ടായാൽ ഇത് ഓർക്കേണ്ടതാണ്. നമ്മുടെ പ്രവർത്തകരിൽ അധികവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല സ്വഭാവം കാഴ്ചവെക്കുന്നവരാണ്. ഇത്തരം കാര്യങ്ങൾ ഗൗരവമായി എടുക്കാത്തവരാണ്. പക്ഷേ, ചിലപ്പോൾ പരാതിപ്പെടുന്ന ചിലരുമുണ്ടാകും. അവരും ഇക്കാര്യം ശ്രദ്ധിക്കേണം. പക്ഷേ, എല്ലാ വകുപ്പിന്റേയും ഓഫീസർമാർ തങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നവരുടെ ഭക്ഷണ കാര്യം ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ കുറച്ചെടുത്തുവെച്ചാൽ ഡ്യൂട്ടി കഴിഞ്ഞെത്തുമ്പോൾ അവർക്ക് കഴിക്കാവുന്നതെയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അടിസ്ഥാനപരമായ ഒരു നിർദേശം നമുക്ക് നല്കിയിരിക്കുന്നു. അത് പ്രവർത്തകർ എപ്പോഴും ഓർമയിൽ വെക്കേണ്ടതാണ്. അതിഥികൾക്കുള്ള ഏർപാട് ചെയ്യുന്നതിനെക്കുറിച്ച് ആതിഥ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയായിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'ഒരു അതിഥിക്കും വിഷമം ഉണ്ടാകരുത് എന്ന ചിന്തയാണ് എപ്പോഴും എനിക്കുള്ളത്. അതിനായി എപ്പോഴും കഴിയുന്നിടത്തോളം അതിഥികൾക്ക് സൗഖ്യം നല്കണമെന്ന് താക്കീതു ചെയ്ത് പറഞ്ഞുകൊണ്ടിരിക്കുന്നു. അതിഥിയുടെ മനസ്സ് കണ്ണാടിപോലെ ലോലമാണ്. ചെറിയ ആഘാതമേറ്റാൽ അത് പൊട്ടിപ്പോകും. ഇതിനുമുമ്പേ ഞാൻ അതിഥികളുമായിട്ടിരുന്ന് ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. എന്നാൽ, രോഗം മൂർച്ഛിച്ചപ്പോൾ പഥ്യാഹാരം കഴിക്കേണ്ടിവന്നു. അപ്പോൾ ഒന്നിച്ചിരുന്നുള്ള ഭക്ഷണം ഒഴിവാക്കി. അതിനുശേഷം അതിഥികളുടെ ആധിക്യവുമുണ്ടായി. അങ്ങനെ സ്ഥലം തികയാതെ വന്നു. അതുകൊണ്ട് വേറെയിരിക്കാൻ നിർബന്ധിതനായി. ഓരോരുത്തരും അവരവരുടെ ബുദ്ധിമുട്ടുകൾ പറയേണ്ടതാണ്. എല്ലാവർക്കും ഇതിന് അനുവാദമുണ്ട്. ചില രോഗികളുണ്ടാകും. അവർക്കുവേണ്ടി പ്രത്യേക ഭക്ഷണം തയ്യാറാക്കാവുന്നതേയുള്ളു. അതുകൊണ്ട് ഇക്കാര്യം ഓർക്കുക! ഒരു അതിഥിയുടേയും വികാരം വ്രണപ്പെടാൻ പാടില്ല. എപ്പോഴും ഉന്നതസ്വഭാവത്തിന്റെ പ്രകടനം ഉണ്ടാകേണ്ടതാണ്.' എല്ലാ പ്രവർത്തകരുടേയും നിർബന്ധ കടമയാണിത്. എല്ലാസ്ഥലത്തും എല്ലാ അവസരത്തിലും ഇതുണ്ടാകേണ്ടതാണ്. എന്തെങ്കിലും വിഷമം ആരെങ്കിലും പ്രകടിപ്പിച്ചാലും അവരോട് പരുഷമായി പെരുമാറുന്നതിനു

പകരം അവരുടെ ബുദ്ധിമുട്ടകറ്റാൻ ശ്രമിക്കുകയാണ് വേണ്ട ത്.

അവസാനമായി പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധവകുപ്പുകളിൽ ഇപ്പോൾ പ്രവർത്ത കർക്ക് വേണ്ടുവോളം ശിക്ഷണം കിട്ടിക്കഴിഞ്ഞിട്ടുണ്ട്. തങ്ങ ളുടെ ജോലികൾ അവർ നല്ലവണ്ണം മനസ്സിലാക്കുന്നു. അവ ർക്ക് അത് ചെയ്യാനുള്ള പരിചയവുമുണ്ട്. പക്ഷേ, ചില ഘട്ട ങ്ങളിൽ ആവശ്യത്തെക്കാളേറെയുള്ള ആത്മവിശ്വാസം സംവി ധാനങ്ങളിൽ ബലഹീനത സൃഷ്ടിക്കും. ആത്മവിശ്വാസം ഉണ്ടാകണമെന്നത് ശരിതന്നെ. പക്ഷേ, ഇക്കാരണത്താൽ അതിസൂക്ഷ്മമായ കാര്യങ്ങളിൽ ചെന്നിട്ട് അതിന്റെ സകല ഭാഗത്തേക്കും ശ്രദ്ധിക്കുന്നതിൽ മടികാണിക്കരുത്.

രണ്ടാമത്തെ കാര്യം സെക്യൂരിറ്റിയാണ്. അതിനെ പ്രത്യേ കമായ നിലയിൽ പ്രവർത്തന നിരതമാക്കിവെക്കേണ്ട ആവ ശ്യമുണ്ട്. ജമാഅത്ത്, ലോകത്ത് അറിയപ്പെടുന്നതിനനുസ രിച്ച്, അഭിവൃദ്ധിയിലേക്ക് ചുവടു വെക്കുന്നതനുസരിച്ച് അസൂ യാലുക്കളുടേയും എതിരാളികളുടേയും എണ്ണവും വർധിച്ചു കൊണ്ടിരിക്കുന്നുണ്ട്. ജമാഅത്തിന്നെതിരിൽ ഗൂഢതന്ത്രങ്ങ ൾ ആസൂത്രണം ചെയ്യുന്നതിനുള്ള അവരുടെ ശ്രമങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ആ വകുപ്പ് ഇപ്പോൾ മുതൽതന്നെ പ്രവർത്തനസജ്ജമാകേണ്ട ആവശ്യ മുണ്ട്. പക്ഷേ, ഇക്കാര്യവും ഓർമവേണം, സെക്യൂരിറ്റിയുടെ എല്ലാ തരത്തിലുള്ള ആഴവും സൂക്ഷ്മദൃഷ്ടിയോടെ ഞാൻ പറഞ്ഞതുപോലെ സൽസ്വഭാവം പ്രകടിപ്പിക്കുന്നതിൽ കുറ വൊന്നും വരാൻ പാടില്ല. ചെക്കിംഗ് പോയന്റ് ഉള്ളിടങ്ങളി ലെല്ലാം ഡ്യൂട്ടി നല്കുന്നവർ നല്ല സ്വഭാവം കാണിക്കേണ്ട താണ്. കുട്ടികൾ മാത്രം ഉണ്ടായാൽപോര. ബുദ്ധി സാമർഥ്യ മുള്ളവരും എല്ലായിടത്തും ഉണ്ടായിരിക്കണം. എല്ലാത്തിനെ ക്കാളുമുപരിയായി ഈ പ്രവർത്തികളെല്ലാം ചെയ്യുന്ന ന മ്മുടെ പ്രവർത്തകർ തങ്ങളുടെ പ്രവർത്തനങ്ങളെല്ലാം നല്ല നിലയിൽ അവസാനിക്കുന്നതിനുവേണ്ടി ദുആ ചെയ്യുക. നമ്മുടെ ഒരു ജോലിയും എന്തെങ്കിലും കഴിവുകൊണ്ടോ അധ്വാനം കൊണ്ടോ അല്ല നടക്കുന്നത്. മറിച്ച് അല്ലാഹുവി ന്റെ സഹായത്താലാണ്. അല്ലാഹുവിന്റെ ഫള്ലും സഹായ വും കരസ്ഥമാക്കുന്നതിനുവേണ്ടി ദുആ വളരെ പ്രധാനപ്പെ ട്ടതാണ്. ഇതൊരിക്കലും നാം മറക്കാൻ പാടില്ല. ഇപ്രകാരം തന്നെ പ്രവർത്തകർക്കു പുറമെ നാമെല്ലാവരും ദുആ ചെയ്യേ ണ്ടതാണ്. എല്ലാവർക്കും അല്ലാഹു ജൽസയുടെ ഒരുക്കങ്ങൾ കൃത്യ സമയത്ത് പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാ കട്ടെ. എല്ലാ തരത്തിലുള്ള അതിഥികൾക്കും അവരുടെ സൗക ര്യത്തിന നുസരിച്ച് സേവനം ചെയ്യാൻ തൗഫീഖ് നല്കുമാ റാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 22.08.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Mohammad Ismaeel,Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To